പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ 1472 12-07-2011 ൽ മറുപടിയ്ക്ക്

## ഭവനവായ്പ എഴുതിത്തള്ളുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ഹംസ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| എ) 2006-2010 കാലയളവിൽ ഏതെല്ലാം ഭവനവായ്പകളാണ് എഴുതി തള്ളിയത് ; വിശദാംശം ലഭ്യമാക്കുമോ ; | എ) | ദുർബ്ബല വരുമാന വിഭാഗക്കാർക്ക് വേണ്ടി നടപ്പിലാക്കിയ ഭവന പദ്ധതികളിലെ വായ്പാ കുടിശ്ശിക 20.05.2009-ലെ സ.ഉ.(എം.എസ്)നം.21/2009/ഭവനം പ്രകാരം എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്. ഇതിൽ ചുവടെ കൊടുത്തിട്ടുള്ള പദ്ധതികൾ ഉൾപ്പെടുന്നു.<br>1) EWS അർബൻ<br>2) കുടികിടപ്പുകാർക്കുള്ള ഭവന പദ്ധതി<br>3) ഹഡ്കോ 80 പദ്ധതി<br>4) സന്നദ്ധസംഘടന കളുടെ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതി (SASH)<br>5) 1984 ലെ പ്രളയ ദുരിതാശ്വാസ പദ്ധതി<br>6) പുനരധിവാസ ഭവനനിർമ്മാണ പദ്ധതി 3 ഉം 4ഉം ഘട്ടങ്ങൾ<br>7) രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി (1992-1995)<br>8) കൈരളി ഭവനനിർമ്മാണ പദ്ധതി<br>9) GIC ഭവന പദ്ധതി<br>10) ബീഡി തൊഴിലാളികൾക്കുള്ള ഭവന പദ്ധതി (1990)<br>11) കൈത്തറി നെയ്ത്തു തൊഴിലാളികൾക്കുള്ള പദ്ധതി(1991)<br>12) കേരള ചെത്തുതൊഴിലാളി ക്ഷേമ ഭവന പദ്ധതി (1979-80)<br>13) രാജീവ് ദശലക്ഷ ഹൗസിംഗ് കോംപ്ലക്സ് പാർപ്പിട പദ്ധതി (1991-92)<br>14) അറ്റകുറ്റപ്പണികൾ തീർത്ത് വീട് വാസയോഗ്യമാക്കുന്ന പദ്ധതി (1987-1996)<br>15) കളക്ടർമാർ മുഖേന നടപ്പിലാക്കിയ പ്രളയ ദുരിതാശ്വാസ പദ്ധതി<br><br>കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21.11.2009-ലെ സ.ഉ.(എം.എസ്) നം. 222/2009/ത.സ്വ.ഭ.വ., 30.01.2010-ലെ സ.ഉ.(എം.എസ്)നം.22/2010/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരം നഗരസഭകൾ മുഖേനയും വികസന അതോറിറ്റികൾ മുഖേനയും നല്കിയ ഭവന വായ്പാ കുടിശ്ശികയും എഴുതിതള്ളിയിട്ടുണ്ട് . കൂടാതെ 22.5.2007 ലെ സ.ഉ.(എം.എസ്) നം. 18/2007/ഭവനം എന്ന ഉത്തരവ് പ്രകാരം രോഗികൾക്കും, അശരണർക്കും പ്രത്യേക പരിഗണന വേണ്ട കേസുകൾക്കും അർഹതയനുസരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. |

(തുടർച്ച........... 2.)

| | | | |
|---|---|---|---|
| ബി) | പ്രസ്തുത വായ്പകൾ എഴുതിതള്ളിയത് വഴി സംസ്ഥാനത്തെ എത്ര ദുർബ്ബല വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്കാണ് പ്രയോജനം ലഭിച്ചത് ; അതിന്റെ ജില്ലാതലത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ ; | ബി) | പ്രസ്തുത വായ്പകൾ എഴുതിത്തള്ളിയത് വഴി 2011 മാർച്ച് വരെ 25941 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| തിരുവനന്തപുരം | - 2168 |
| കൊല്ലം | - 1377 |
| ആലപ്പുഴ | - 3154 |
| പത്തനംതിട്ട | - 829 |
| കോട്ടയം | - 3752 |
| ഇടുക്കി | - 1162 |
| എറണാകുളം | - 1490 |
| തൃശ്ശൂർ | - 2495 |
| പാലക്കാട് | - 2095 |
| മലപ്പുറം | - 748 |
| കോഴിക്കോട് | - 2802 |
| വയനാട് | - 676 |
| കണ്ണൂർ | - 1932 |
| കാസർഗോഡ് | - 1261 |
| | 25941 |

| | | | |
|---|---|---|---|
| സി) | ദുർബല ജനവിഭാഗങ്ങൾക്കായുള്ള പ്രസ്തുത വായ്പകൾ ഇനിയും എഴുതി തള്ളുവാൻ അവശേഷിക്കുന്നുണ്ടോ ; പ്രസ്തുത വിഷയത്തിൽ നയം വ്യക്തമാക്കുമോ ; | സി) ഡി ) & ഇ) | ദുർബലജനവിഭാഗ ങ്ങൾക്കായുള്ള മൈത്രി ഭവനവായ്പാ പദ്ധതിയിലെ കുടിശ്ശിക തുക എഴുതിത്തള്ളുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| ഡി) | എഴുതിത്തള്ളേണ്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ ; | | |
| ഇ) | ഒറ്റപ്പാലം താലൂക്കിലെ വിശദാംശം ലഭ്യമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ